തീർപ്പാക്കാതിരുന്ന 881 കേസുകൾ ഉൾപ്പെടെ 2335 കേസുകൾ ഇപ്രകാരം പരിഗണനയ്ക്കുവന്നു. ഇതിൽ 1199 കേസുകൾ തൻവർഷം തീർപ്പാക്കുകയുണ്ടായി. 2009-10 വർഷത്തിൽ (1-4-2009 മുതൽ 31-3-2010 വരെ) 2045 പുതിയ കേസുകൾ ഫയൽ ചെയ്യുകയുണ്ടായി (1989 ഒ.പി.-കളും 56 സുവോ-മോട്ടോ കേസുകളും) മുൻവർഷങ്ങളിലെ തീർപ്പാക്കാൻ ബാക്കിയുണ്ടായിരുന്ന 1136 കേസുകൾ ഉൾപ്പെടെ മൊത്തം 3181 കേസുകൾ ഇപ്രകാരം പരിഗണയ്ക്കുവന്നതിൽ 1412 കേസുകൾ തൻവർഷം തീർപ്പാക്കിയിട്ടുണ്ട്.

(ഡി) 30-11-2010 വരെയുള്ള കണക്കുകളനുസരിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണൽ മുമ്പാകെ 118 കേസുകൾ പരിഗണനയിലുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രിബ്യൂണലിന്റെ എണ്ണം വർദ്ധിപ്പിക്കണമെന്ന ആവശ്യം സർക്കാരിന് ലഭിച്ചിരുന്നുവെങ്കിലും ട്രിബ്യൂണലിൽ ഫയൽ ചെയ്യപ്പെടുന്ന കേസുകളിന്മേൽ സമയബന്ധിതമായി തീർപ്പു കല്പിക്കാൻ ഇപ്പോഴത്തെ സംവിധാനം കൊണ്ടുതന്നെ സാധ്യമാകുന്നതിനാൽ ട്രിബ്യൂണലിന്റെ എണ്ണം വർദ്ധിപ്പിക്കേണ്ട ആവശ്യമില്ല എന്നതാണ് സർക്കാർ നിലപാട്.

കാഴ്ചക്കുറവുള്ളവർക്ക് മുനിസിപ്പൽ സെക്രട്ടറി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് പ്രത്യേക സംവരണം

192 (1950) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാഴ്ചക്കുറവുള്ളവർക്ക് മുനിസിപ്പൽ സെക്രട്ടറി തസ്തികയിലേക്ക് ഉദ്യോഗക്കയറ്റത്തിന് പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ അതുപ്രകാരം എത്രപേർക്ക് ഉദ്യോഗക്കയറ്റം നൽകിയെന്ന് വെളിപ്പെടുത്തുമോ ;

(സി) കാഞ്ഞങ്ങാട് നഗരസഭയിൽനിന്നും ഇപ്രകാരം ഉദ്യോഗക്കയറ്റത്തിന് ആരെങ്കിലും അപേക്ഷ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആരാണെന്ന് അറിയിക്കുമോ ;

(ഡി) ഈ അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ താൽക്കാലിക നിയമനത്തിനായി കാഞ്ഞങ്ങാട് നഗരസഭയിൽ എൽ.ഡി. ക്ലാർക്കായി ജോലി ചെയ്യുന്ന ശ്രീ. ബി. ബാലകൃഷ്ണൻ 26-10-2010 തീയതിയിൽ ഇപ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മുനിസിപ്പൽ സെക്രട്ടറി ഗ്രേഡ് III തസ്തികയിൽ താൽക്കാലിക നിയമനം നൽകുന്നതിന് നഗരകാര്യവകുപ്പിലേയും മുനുസിപ്പൽ കോമൺ സർവ്വീസിലെയും ഉദ്യോഗസ്ഥരിൽ നിന്നും 18-5-2010-ലെ സ.ഉ. (പി) നമ്പർ 9610/തസ്വഭവ വിജ്ഞാനപ്രകാരം നിശ്ചിത യോഗ്യതയുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിച്ചിരുന്നു. എന്നാൽ ശ്രീ. ബി. ബാലകൃഷ്ണന് 18-5-2010-ലെ വിജ്ഞാപന പ്രകാരമുള്ള യോഗ്യതയില്ലാ എന്ന് കണ്ടതിനാൽ സമർപ്പിച്ച അപേക്ഷ പരിഗണിക്കുകയുണ്ടായില്ല.

വടക്കാഞ്ചേരി-പഴയന്നൂർ ബ്ലോക്കുകളിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പ്രവൃത്തികൾ

193 (1951) ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി-പഴയന്നൂർ ബ്ലോക്കുകളിൽ 2000-നുശേഷം പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ഏതെല്ലാം പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്നും അവ അനുവദിക്കപ്പെട്ട വർഷവും വിശദമാക്കുമോ ;

(ബി) ഇതിൽ ഓരോ പ്രവൃത്തിയുടേയും അടങ്കൽ തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇവയിൽ എത്ര പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും അവശേഷിക്കുന്നവ ഓരോന്നും എന്തുകൊണ്ടാണ് പൂർത്തീകരിക്കാത്തതെന്നും വിശദമാക്കുമോ ;

(ഡി) ആറ് വർഷത്തിലേറെയായി മുടങ്ങിക്കിടക്കുന്ന പണികൾ പൂർത്തിയാക്കുകയോ മറ്റു പദ്ധതികളിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുന്നതിന് അനുമതി നൽകുകയോ ചെയ്യാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) വടക്കാഞ്ചേരി-പഴയന്നൂർ ബ്ലോക്കുകളിൽ 2000-നു ശേഷം പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം അനുവദിച്ച റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

(സി) വടക്കാഞ്ചേരി ബ്ലോക്കിൽ 11 റോഡുകളാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ നാലാം ഘട്ടത്തിൽ ഏറ്റെടുത്ത പാക്കേജ് നമ്പർ കെ. ആർ. 13-06-ൽ ഉൾപ്പെട്ടിട്ടുള്ള 7 റോഡുകളിൽ 2 റോഡുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്. പഴയന്നൂർ ബ്ലോക്കിൽ 14 റോഡുകളാണ് ഈ പദ്ധതി പ്രകാരം ഏറ്റെടുത്തിട്ടുള്ളത്. ഇതിൽ ആറാം ഘട്ടത്തിൽ ഏറ്റെടുത്ത നമ്പർ കെ. ആർ. 13-09, 13, 14 എന്നീ പാക്കേജുകളിൽ ഉൾപ്പെട്ടിട്ടുള്ള 5 റോഡുകളും പൂർത്തീകരിച്ചിട്ടുണ്ട്. പൂർത്തീകരിക്കാനുള്ള റോഡുകളുടെ വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly